ARTICLE IN THE "EXPRESS" UNDER THE CAPTION "മുന്നറിയിപ്പ്" —INFORMATION REGARDING

206. (1) Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have noted the editorial under the capition "മുന്നറിയിപ്പ്" in "Expresss" (Trichur) dated 21st September 1948 on page 2;

(*b*) whether they have taken any action on the suggestions raised in paragraph 6 of the editorial which commences with the sentence "പൌരസ്വാതന്ത്ര്യം ഇന്നു" അപകടത്തിലാണ്. രണ്ടു അടിയന്തിരാധികാരനിയമങ്ങൾ" and ends "ജനങ്ങളിൽ ഒരു രക്ഷിതത്വബോധവും ആത്മവിശ്വാസവും വളർത്താൻ വേണ്ടി ഇവയെല്ലാം ഉടനടി നടത്തുക".

(*c*) if so, what are they ?

Mr. E. Ikkanda Warriar *(Prime Minister):*

(*a*) Yes.

(*b*) Yes.

(*c*) The Press Emergency Powers Act has been repealed. The notification issued under the Maintenance of Public Safety Act requiring previous sanction of the Commissioner of Police for taking out processions has also been cancelled,

Mr. C. V. Iyyu: *(Kunnamkulam)* May I know whether the freedom of the press has been lessend by the repeal of the Press Emergency Powers Act because the existing Criminal Law Amendment Act does not even provide for appeal to the High Court on the other hand the Press Emergency Powers Act provided for an appeal. Do not the Government realise that? The existing Press Emergency powers Act which was recently withdrawn, contained specific p rovision for the newspaper, editor or publisher to appeal to the High Court if Government has taken any unlawful action against the paper. According to the Criminal Law Amendment Proclamation which is still in force, there is no such enabling provision for the Press to appeal to any Court of Law.

Mr. E. Ikkanda Warrier: *(Prime Ministr)* Is it the object of the Hon'ble Member to re-enact the Press Emergency Act?

Mr C. V. Iyyu. *(Kunnamkulam)*No, it is not so. I wanted to bring to the notice of Government the withdrawal of the Press Emergency Act has only brought about a further curtailment of the freedom of the Press and not enhancing the freedom of the Press in any way.

CONTRACT FOR DISTRIBUTION OF EDUCATIONAL REQUISITES—PARTICULARS OF

207. (234) മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധവണ്ണെണ്ടു സദയം മറുപടി പറയുമോ.—

(എ) ൧൯൪൮—൪൯ ഈ വിദ്യാഭ്യാസവർഷത്തിൽ അധ്യേതൃ വിദ്യാർത്ഥികൾക്കു പുസ്തകങ്ങളും മറ്റു വിദ്യാഭ്യാസോപകരണങ്ങളും വിതരണം ചെയ്യുന്നതിനുള്ള കൺട്രാക്ടു് ആർക്കൊക്കെയാണു് കൊടുത്തിട്ടുള്ളതു്;

(ബി) ഓരോരുത്തരും ഏതേതു പ്രദേശങ്ങളിലാണു് വിതരണം ചെയ്തിരുന്നതു്;

(സി) ക്ലിപ്ത കാലത്തിനുള്ളിൽ പുസ്തകങ്ങൾ വിതരണം ചെയ്യണമെന്നു് വ്യവസ്ഥയുണ്ടായിരുന്നുവോ;

(ഡി) ആ ക്ലിപ്തകാലത്തിനുള്ളിൽ എല്ലാവരും അവരവരുടെപ്രദേശങ്ങളിൽ എല്ലാ പുസ്തകങ്ങളും വിതരണം ചെയ്തുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ കൺട്രാക്ടിലെ വ്യവസ്ഥയനുസരിച്ചു് സംരക്ഷണഡിപ്പാർട്ടുമെണ്ടിൽ നിന്നും അവരുടെ മേൽ എന്തു നടപടി നടത്തി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (൧) കൊച്ചിൻ എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവു് സൊസൈറ്റി, തൃശ്ശിവപേരൂർ.

(൨) വി. സുന്ദരയ്യർ ആൻറ് സൺസ്, തൃശ്ശിവപേരൂർ.

(ബി) തൃശ്ശിവപേരൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ പുസ്തകങ്ങളും മറ്റു വിദ്യാഭ്യാസോപകരണങ്ങളും മറ്റും വിതരണം ചെയ്യുന്നതിനു കൊച്ചിൻ കോ-ഓപ്പറേറ്റീവു് സൊസൈറ്റിക്കാക്കും, തലപ്പിള്ളി, ചിറ്റൂർ, മുകുന്ദപുരം, കൊച്ചികണയന്നൂർ എന്നീ താലൂക്കുകളിൽ വിതരണം ചെയ്യുന്നതിനു വി. സുന്ദരയ്യർ ആൻറ് സൺസ്, തൃശ്ശിവപേരൂർക്കും ആണു് കൺട്രാക്ടു് കൊടുത്തിട്ടുള്ളതു്.

(സി) വ്യവസ്ഥയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

(ഡി) വിതരണം പൂർത്തിയാകാത്ത സ്കൂളുകളെപ്പറ്റി വിവരവും കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി നടപടിയും എടുത്തുകൊണ്ടിരിക്കുകയാണ്.

(ഇ) 'ഡി' യുടെ ഉത്തരം നോക്കുക.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധ്യേതര കൂട്ടികൾക്കുള്ള പുസ്തകങ്ങൾ ഏതു മാസത്തിനുള്ളിൽ കൊടുക്കണമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുസ്തകങ്ങളെല്ലാം ഉടനെ കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: പുസ്തകങ്ങൾ കൊടുക്കുന്ന കായ്ത്തിൽ ഇവരോട് Agreement എഴുതി വാങ്ങിച്ചിട്ടുള്ളതു് ഏതു മാസത്തിനുള്ളിൽ കൊടുക്കണമെന്നാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് നോട്ടീസ്സ് വേണം.

മിസ്റ്റർ പി.കെ. ഡീവർ: ഈ വ്യവസ്ഥ ലംഘിച്ചതിനു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ്യവസ്ഥ ലംഘിച്ചിട്ടുണ്ടോ, ഇല്ലയോ എന്നു അറിയുകയില്ല. ഇപ്പോൾ അതു പരിശോധിച്ചുവരികയാണ്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഇതിൽ ഒരു ക്ലിപ്തമാസത്തിനുള്ളിൽ എന്നുള്ളതു് എത്രമാസത്തേക്കാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇതിൽ രണ്ടു കൂട്ടക്കാണ് കൺട്രാക്ട് കൊടുത്തിട്ടുള്ളതായിട്ടു കാണുന്നതു്. എന്നാൽ ഈ രണ്ടു കൂട്ടരും സമയത്തിനു് കൊടുത്തിട്ടില്ലെന്നു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എല്ലാ ഭാഗത്തുനിന്നും ആക്ഷേപം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കിട്ടിയിടത്തോളം പുസ്തകങ്ങൾ വിതരണം ചെയ്യുകയും, പിന്നീടു വിതരണം ചെയ്യുവാനുള്ള പുസ്തകങ്ങൾ കിട്ടാത്തതുകൊണ്ടു് വിതരണം ചെയ്യാത്തതാണെന്നും Co-operative Society ക്കാർ പറയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതൊക്കെയാണ് അന്വേഷിച്ചുവരുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: ഗോമതിയും, സുന്ദരയ്യർ & സൺസ്സുമായി വല്ല ബന്ധവുമുള്ളതായി അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിനു് അതു് അറിവില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കൺട്രാക്ടർമാർ പുസ്തകങ്ങൾ സമയത്തിനു് കൊടുക്കാത്തതു കാരണം, കൂട്ടികൾ പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങിച്ചിട്ടുണ്ടു്. അങ്ങിനെ വാങ്ങിച്ചിട്ടുള്ള പുസ്തകങ്ങളുടെ വില കൺട്രാക്ടരെകൊണ്ടു മടക്കിക്കൊടുപ്പിക്കുവാൻ ദയവുണ്ടാകുമോ?

മാസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു നിർദ്ദേശം ഇതേവരെ വന്നിട്ടില്ല. അങ്ങിനെയുള്ള ആക്ഷേപങ്ങൾ കിട്ടിയാൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. ഐ. പോൾ: സുന്ദരയ്യർ & സൺസ്സു് ഇതിന്റെ കൺട്രാക്ടു് തുടങ്ങിയിട്ടു് എത്ര കൊല്ലമായിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറച്ചു കാലങ്ങളായിട്ടു് സുന്ദരയ്യർ & സൺസ്സുതന്നാണ് പുസ്തകങ്ങൾ കൺട്രാക്ടു് എടുക്കാവുള്ളതു്.

മിസ്റ്റർ എം. ഐ. പോൾ: ഇനിയെങ്കിലും ഈ ഏർപ്പാടു് നിർത്തിക്കൂടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

ANTI-EROSION MEASURES AT KUMBALANGHI AND CHELLANAM AREA

208. (185) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവു മറുപടി പറയുമോ.—

(എ) കുമ്പളങ്ങി, ചെല്ലാനം കടലാക്രമണനിവാരണത്തിനായി ഒരു മൈൽ നീളം കൽച്ചിറ ഇടുവാൻ എത്ര പണവു വരും;

(ബി) ആദ്യകാലങ്ങളിൽ ഇട്ട കൽച്ചിറകൾ എത്രയെണ്ണം കടലിന്നടിയിലായിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly